# പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 108 — 04.06.2018- ൽ മറുപടിയ്ക്ക്

## നോർക്ക റൂട്ട്സ് - പ്രവാസി പുനരധിവാസ പദ്ധതി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. കെ. ബഷീർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| എ) സംസ്ഥാനത്ത് പ്രവാസികളുടെ ക്ഷേമത്തിനായി നോർക്ക റൂട്ട്സ് വഴി സർക്കാർ നടപ്പാക്കുന്ന പ്രവാസി പുനരധിവാസ പദ്ധതികളുടെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ; | എ) വിദേശ രാജ്യങ്ങളിൽ നിന്നും തിരികെയെത്തുന്നവർക്ക് ചെറുകിട സംരംഭങ്ങൾ തുടങ്ങുന്നതിനും, സ്വയം തൊഴിൽ കണ്ടെത്തുന്നതിനും നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ് (NDPREM) പദ്ധതി നടപ്പാക്കിയിട്ടുണ്ട്. ചുരുങ്ങിയത് രണ്ടു വർഷം വിദേശത്ത് ജോലി ചെയ്തതിനു ശേഷം സ്ഥിരമായി നാട്ടിൽ മടങ്ങിയെത്തിയ പ്രവാസികളെയും അത്തരം പ്രവാസികൾ ചേർന്ന് രൂപീകരിച്ച കമ്പനി, ട്രസ്റ്റ്, സൊസൈറ്റി തുടങ്ങിയവയെയും പദ്ധതിയുടെ ആനുകൂല്യത്തിന് പരിഗണിക്കുന്നതാണ്.<br><br>ഈ പദ്ധതിയിൻ കീഴിൽ സ്വയം തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനു വേണ്ടിയുള്ള മാർഗ്ഗ നിർദ്ദേശങ്ങളും പരിശീലനവും നല്കുന്നതിനായി പ്രമുഖ സർക്കാർ സ്ഥാപനമായ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. വിജയകരമായ സംരംഭക മേഖലകളിൽ തൊഴിൽ നൈപുണ്യ പരിശീലനവും പ്രോജക്ട് തയ്യാറാക്കുന്നതിൽ സഹായവും ബാങ്കുകളുടെ ആവശ്യങ്ങൾക്കനുസരിച്ച് രേഖകൾ തയ്യാറാക്കുന്നതിനും സി.എം.ഡി. സഹായിച്ചു വരുന്നു. ആവശ്യമായ വൈദഗ്ധ്യമില്ലാത്തതു |

കാരണം ഒരു സംരംഭവും തുടങ്ങാൻ സാധിക്കാത്ത ആളിന് പ്രസ്തുത ട്രെയിനിംഗിലൂടെ ലഭിക്കുന്ന അറിവ് പ്രയോജനപ്പെടുത്തി സ്വയം തൊഴിൽ ചെയ്ത് വരുമാനം ഉണ്ടാക്കാനും സാധിക്കുന്നതാണ്.

ബി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ പലതും വിമുഖത കാണിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തിരിച്ചുവന്ന പ്രവാസികൾക്ക് സ്വയംതൊഴിൽ കണ്ടെത്താനുള്ള വായ്പയിൽ എത്ര ശതമാനം സബ്സിഡിയും പലിശയിളവും സർക്കാർ നൽകുന്നുണ്ട്; വ്യക്തമാക്കുമോ;

ബി) പ്രസ്തുത പദ്ധതി മുഖാന്തിരം വായ്പ അനുവദിക്കുന്നത് പൂർണ്ണമായും ബാങ്കുകളുടെ ചട്ടങ്ങൾക്കും വായ്പാ നയങ്ങൾക്കും വിധേയമായും അപേക്ഷകന്റെ CIBIL റെക്കോർഡുകൾ പരിശോധിച്ചുമാണ്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് സംസ്ഥാനത്തെ പ്രമുഖ ബാങ്കുകൾ വിമുഖത കാണിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ആയതിനാൽ നിലവിൽ പദ്ധതിയുമായി സഹകരിക്കുന്ന സ്ഥാപനങ്ങൾക്ക് പുറമെ സഹകരണമേഖലയിലുള്ള ധനകാര്യ സ്ഥാപനങ്ങളെക്കൂടി പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. പരമാവധി ഇരുപത് ലക്ഷം രൂപ അടങ്കൽ മൂലധന ചെലവ് വരുന്നപദ്ധതികൾക്ക് 15% മൂലധന സബ്സിഡിയും ആദ്യ നാല് വർഷം 3% പലിശ സബ്സിഡിയും നല്കി ബാങ്ക് വായ്പ ലഭ്യമാക്കുന്നതാണ് ഈ പദ്ധതി.

സി) ഏതെല്ലാം ബാങ്കുകളുമായിട്ടാണ് ഈ സ്കീമിൽ വായ്പ ലഭ്യമാക്കാൻ നോർക്ക റൂട്ട്സ് എം.ഒ.യു. ഒപ്പിട്ടിരിക്കുന്നത്; എന്തെല്ലാം നടപടിക്രമങ്ങളാണ് ഓരോ വായ്പയ്ക്കും ഉള്ളതെന്നും എന്തെല്ലാം രേഖകൾ ലഭ്യമാക്കണമെന്നും, ഓരോന്നിന്റെയും തിരിച്ചടവ് കാലാവധി എത്ര വർഷമാണെന്നും നാളിതുവരെ എത്ര പ്രവാസികൾക്ക് വായ്പ നൽകിയിട്ടുണ്ടെന്നും വിശദമാക്കുമോ?

സി) സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യ, സൗത്ത് ഇൻഡ്യൻ ബാങ്ക്, കേരള സംസ്ഥാന പ്രവാസി ക്ഷേമ വികസന കോപ്പറേറ്റീവ് സൊസൈറ്റി, കേരള സംസ്ഥാന പിന്നാക്ക വിഭാഗ വികസന കോർപ്പറേഷൻ, കേരള സംസ്ഥാന പട്ടിക ജാതി/പട്ടിക വർഗ്ഗ വികസന കോർപ്പറേഷൻ എന്നീ സ്ഥാപനങ്ങളുമായാണ് വായ്പ ലഭ്യമാക്കാൻ നോർക്ക -റൂട്ട്സ് നിലവിൽ ധാരണാ പത്രം ഒപ്പിട്ടിരിക്കുന്നത്. അതാത് ധനകാര്യ സ്ഥാപനത്തിന്റെ വായ്പാ നയങ്ങൾക്കും, വായ്പാ ചട്ടങ്ങൾക്കും വിധേയമായാണ് വായ്പ അനുവദിക്കുന്നത്. ഓരോ സ്വയം തൊഴിൽ വായ്പയ്ക്കും ബാങ്ക്/ധനകാര്യ സ്ഥാപനങ്ങൾ നിഷ്കർഷിക്കുന്ന രേഖകൾ/തിരിച്ചടവ് കാലാവധി

വ്യത്യസ്തമായിരിക്കും. 2017-18 സാമ്പത്തിക വർഷം വരെ 1965 പേർ ഈ പദ്ധതിയുടെ ഗുണഭോക്താക്കളായിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**